# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1260** **05.03.2020-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

| ചോദ്യം<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സമുദ്ര തീരത്തിന്റെ അമ്പത് മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നതും കടലാക്രമണഭീഷണി നേരിടുന്നതുമായ മത്സ്യതൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചിരുന്നോ; | എ) ഇല്ല |
| ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര മത്സ്യതൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിച്ചുവെന്ന് അറിയിക്കാമോ; | ബി) 2016-17 മുതൽ വിവിധ പദ്ധതികളിലായി 1285 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 841 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മുട്ടത്തറയിൽ 192 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. |
| സി) 2019-20 കാലയളവിൽ ഈ പദ്ധതിക്കായി എത്ര തുക വകയിരുത്തിയെന്നും 20-02-2020 വരെ ഇതിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | സി) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 2019-20 കാലയളവിൽ 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുനരധിവാസത്തിനായി വകയിരുത്തിയ 10 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 18865 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപ അടങ്കലുള്ള പുനർഗേഹം പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്ക് നടപ്പുസാമ്പത്തിക വർഷത്തിൽ 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി മൂന്ന് വർഷം കൊണ്ടാണ് പൂർത്തീകരിക്കുന്നത്. |

**സെക്ഷൻ ആഫീസർ**